# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2393** | **19/03/2015-ൽ മറുപടിക്ക്**

## എച്ച്.വൺ .എൻ.വൺ പനിയും പ്രതിരോധ സംവിധാനങ്ങളും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) എച്ച്.വൺ .എൻ.വൺ പനിബാധിതരുടെ എണ്ണവും മരണസംഖ്യയും ആശങ്കാജനകമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) എച്ച്1 എൻ1 പനി ബാധിതരുടെ എണ്ണവും മരണവും ആരോഗ്യ വകുപ്പ് ശ്രദ്ധയോടെ നിരീക്ഷിച്ച് വരുന്നുണ്ട്. ആയതിന് ആവശ്യമായ പ്രതിരോധ നിയന്ത്രണ നടപടികളും ഊർജ്ജിതമായി നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ഇന്നത്തെ രീതിയിൽ ആരോഗ്യ വകുപ്പുമാത്രം ശ്രമിച്ചുകൊണ്ട് രോഗം പടർന്നു പിടിക്കുന്നത് തടയാൻ കഴിയില്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ; | ബി) എച്ച്1 എൻ1 അടക്കമുള്ള പകർച്ചപ്പനികളുടെ നിയന്ത്രണത്തിന് ആരോഗ്യ വകുപ്പ്, മറ്റ് പ്രധാന വകുപ്പുകളായ വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, തദ്ദേശ സ്വയം ഭരണം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്. |
| സി) എങ്കിൽ ഇതു സംബന്ധിച്ച് മറ്റു വകുപ്പുകൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | സി) സ്കൂളുകളിൽ രോഗപകർച്ചയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പ് മുഖേന ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇൻഫർമേഷൻ വകുപ്പ്, ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ എന്നിവ മുഖേന പൊതുജനങ്ങൾക്ക് ആവശ്യമായ ആശങ്കാ നിർമ്മാർജ്ജനം, മുൻകരുതൽ നടപടികൾ മുതലായവ |

പ്രചരിപ്പിച്ചിട്ടുണ്ട്. പത്ര മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് വേണ്ട ലഘു നിർദ്ദേശങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. സ്വകാര്യ മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഐ.എം.എ., കെ.ജി.എം.സി.റ്റി., കെ.ജി.എം.ഒ.എ, ഐ.എ.പി, കെ.എഫ്.ഒ.ജി, പി.എം.ഡി.എ എന്നീ സംഘടനകൾ വഴി ചികിൽസാ മാർഗ്ഗരേഖകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| ഡി) ഈ രംഗത്ത് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | ഡി) ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുജനാരോഗ്യ വിഭാഗം, സംസ്ഥാന എച്ച്1 എൻ1 കൺട്രോൾ റൂം എന്നിവയുടെ പ്രവർത്തനങ്ങൾ വഴിയാണ് ഏകോപനം നടപ്പിലാക്കുന്നത്. ആവശ്യമായ നടപടികളുടെ സ്വഭാവമനുസരിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടേയോ, മന്ത്രിയുടേയോ ആഫീസ് വഴിയുള്ള ഏകോപനവും നടപ്പിലാക്കാറുണ്ട്. |
| ഇ) ശാസ്ത്രീയമായ രീതിയിൽ സാമ്പിളുകൾ ശേഖരിക്കുന്നതിന് ആരോഗ്യവകുപ്പ് ജീവനക്കാർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | ഇ) ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് റാപ്പിഡ് റെസ്പോൺസ് ടീം നിലവിലുണ്ട്. പ്രസ്തുത ടീമിന് സാമ്പിളുകൾ ശേഖരിക്കാനും അതീവ സുരക്ഷയോടെ ശീതീകരണ ശൃംഖല അവലംബിച്ച് പരിശോധനയ്ക്ക് അയക്കാനുമുള്ള പരിശീലനവും, മാർഗ്ഗ രേഖകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ